ഉത്തരം

നിർദ്ദിഷ്ട വെയിറ്റിംഗ് ഷെഡ് പണിക്കുള്ള പ്രെപ്പോസൽ ഇതുവരെ ലഭിച്ചിട്ടില്ല. ലഭിച്ചാലുടനെ നിയമാനുസൃതമായ നടപടി എടുക്കുന്നതാണ്.

ട്രെയിനിൽ ഫസ്റ്റ് ക്ലാസ്സ് നിറുത്തലാക്കി എ.സി. കോച്ച് ഏർപ്പെടുത്തിയ നടപടി

114(1938)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-മദ്രാസ്, തിരുവനന്തപുരം-കണ്ണൂർ എന്നീ തീവണ്ടികളിൽ ഉണ്ടായിരുന്ന ഫസ്റ്റ് ക്ലാസ്സ് കമ്പാർട്ടുമെന്റ് നിർത്തലാക്കുകയും പകരമായി ത്രീ ടയർ എയർ കണ്ടിഷൻ കോച്ചുകൾ പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി എ.സി.യിൽ യാത്ര ചെയ്യാൻ കഴിയാത്ത യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂർ-നാഗർകോവിൽ തീവണ്ടിയിൽനിന്നും ഫസ്റ്റ് ക്ലാസ്സ് കോച്ച് നിർത്തലാക്കുവാൻ നടപടി ആരംഭിക്കുകയും പകരമായി ത്രീ ടയർ എ.സി. കോച്ചുകൾ സ്ഥാപിക്കാമെന്ന് വാഗ്ദാനം ചെയ്തതായുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുരുവായൂർ റെയിൽവേ സ്റ്റേഷനിൽ നിലവിൽ എ.സി. ചാർജ്ജ് ചെയ്യുവാൻ വേണ്ട സൗകര്യം ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യങ്ങൾ റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

ഗുരുവായൂർ ക്ഷേത്രത്തിലെ വരുമാനം

115(1939)ശ്രീ. പി.പി സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ പ്രതിവർഷം ശരാശരി എത്ര ഭക്തജനങ്ങൾ എത്തുന്നുണ്ടെന്നും വിവിധയിനങ്ങളിൽ എന്തു തുക ലഭിക്കുന്നുണ്ടെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവിടുന്നു; കണക്ക് ഇനംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗുരുവായൂർ ക്ഷേത്രത്തിലെ വരുമാനത്തിന്റെ എത്ര ശതമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുവെന്നും പ്രസ്തുത ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ ഒരുവർഷം ശരാശരി എത്ര ഭക്തജനങ്ങൾ ദർശനത്തിന് എത്തുന്നുണ്ടെന്ന് കണക്കാക്കുക പ്രായോഗികമല്ലാത്തതിനാൽ കൃത്യമായി കണക്കാക്കിയിട്ടില്ലെന്നും ഒരുവർഷം ലക്ഷക്കണക്കിന് ഭക്തർ ദർശനം നടത്തുന്നുണ്ടെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്.

വരവ് (1996-97, 97-98, 98-99 എന്നീ സാമ്പത്തികവർഷത്തെ വരവിന്റെ ശരാശരി)

1.	ദേവസ്വം കൂറ്, തുലാഭാരം	-	8,14,69,154
2.	ഭൂമിയിൽനിന്നും ആദായം	-	1,75,381
3.	കെട്ടിടങ്ങളിൽനിന്നുള്ള വരുമാനം	-	83,07,275
4.	നിക്ഷേപങ്ങളിൽനിന്നും വരുമാനം	-	7,39,37,820
5.	എന്റോവ്മെന്റ് വരുമാനം	-	
6.	ജീവധനം-ആന ഏക്കം, പാൽ തുടങ്ങിയവയിൽനിന്നും വരുമാനം	-	65,50,546
7.	ഗ്രാന്റ്, ഫീസ്	-	3,78,977
8.	പലവക വരുമാനം	-	59,37,346
9.	കലഭ സാധനവില	-	1,24,50,922
10.	ഭണ്ഡാരം വരവ്, സ്വർണ്ണം, വെള്ളി ലോക്കറ്റിൽനിന്നുള്ള വരുമാനം തുടങ്ങിയവ	-	17,52,28,959
11.	ഡെപ്പോസിറ്റ്	-	4,29,92,825
12.	ലോൺ, അഡ്വാൻസ് തുടങ്ങിയവ	-	42,72,563
	മൊത്തം വരവ്	-	41,17,01,769

(ബി) ചെലവ് 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷത്തെ ചെലവിന്റെ ശരാശരി)

1.	ശമ്പളം, പെൻഷൻ മറ്റ് അലവൻസുകൾ	-	6,33,26,104
2.	ഭരണചെലവുകൾ	-	2,39,48,709
3.	ക്ഷേത്രം ചെലവുകൾ (കിഴേടം ക്ഷേത്രങ്ങൾ ഉൾപ്പെടെ)	-	2,31,33,140
4.	എൻഡോവ്മെന്റ് ചെലവുകൾ	-	17,28,090
5.	ഭൂമി--കൃഷി ചെലവുകൾ	-	7,236
6.	മരാമത്ത്, ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ	-	54,98,918
7.	നികുതി	-	41,94,795
8.	സ്വർണ്ണം, വെള്ളി, ഉരുപ്പടികൾ നിർമ്മിക്കുന്ന ചെലവ്	-	6,49,477
9.	പലവക ചെലവ്	-	5,78,186

LIBRARY ARCHIVES Kerala Legislative Assembly

10.	മരാമത്ത്, ഇലക്ട്രിക്കൽ പ്രവർത്തി സ്ഥിരനിക്ഷേപം	-	22,25,41,661
11.	ഡെപ്പോസിറ്റ്, അഡ്വാൻസ്	-	4,38,15,393
12.	ജീവനക്കാർക്കുള്ള ലോൺ അഡ്വാൻസ് തുടങ്ങിയവ	-	1,11,91,398
			40,06,13,107

(സി) ദേവസ്വത്തിന്റെ ചെലവിനങ്ങളിൽ ജീവകാരുണ്യ പ്രവർത്തനം എന്ന നിലയിൽ ദേവസ്വം മെഡിക്കൽ സെന്റർ മാത്രമാണ് പ്രധാനമായും പ്രവർത്തിച്ചുവരുന്നതെന്നും ദേവസ്വം മെഡിക്കൽ സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ഒരു സാമ്പത്തിക വർഷം ശരാശരി 40 ലക്ഷം രൂപയോളം ചെലവുവരുന്നുണ്ടെന്നും ആയത് ദേവസ്വത്തിന്റെ വരുമാനത്തിന്റെ ഒരു ശതമാനം ആണെന്നും ഗുരുവായൂർ ദേവസ്വം അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് നിത്യവും സൗജന്യഭക്ഷണം നൽകിവരുന്നുണ്ട്. കൂടാതെ ഗുരുവായൂരുള്ള കസ്തൂർബാ സദനം, ഗുരുവായൂർ മുനിസിപ്പാലിറ്റി നടത്തുന്ന അഗതി മന്ദിരം എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് നിത്യവും ഉച്ചഭക്ഷണം ദേവസ്വത്തിൽനിന്നും എത്തിച്ചുകൊടുക്കുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ രാജി

116 (1940)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറായി നിയമിക്കപ്പെട്ട ശ്രീ. സുബ്രഹ്മണ്യം ആ സ്ഥാനം രാജി വയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ദേവസ്വം ബോർഡ് കമ്മിഷണറായി നിയമിച്ചുകൂടാ എന്ന് ഏതെങ്കിലും നിയമം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശ്രീ. സുബ്രഹ്മണ്യം എന്നയാളെ കമ്മീഷണറായി നിയമിച്ചിരുന്നില്ല.

(ബി) ഇല്ല.

നെൽ ബോർഡ് രൂപീകരണം

117 (1942)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നെൽ ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഏതു ഘട്ടത്തിലാണ്; ബോർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly